# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2335 08.05.2017-ൽ മറുപടിക്ക്

### പ്ലസ് വൺ ജ്യോഗ്രഫി പരീക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2017 മാർച്ചിൽ നടന്ന പ്ലസ് വൺ ജ്യോഗ്രഫി പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) ചില സ്കൂളുകളിൽ നടത്തിയ മാതൃകാ പരീക്ഷയിലെ ചോദ്യങ്ങൾ 2017 മാർച്ചിലെ പൊതുപരീക്ഷയിലും ആവർത്തിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇത് സംബന്ധിച്ച് ഹയർ സെക്കണ്ടറി ഡയറക്ടർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ; | |
| (സി) പ്രമുഖ അദ്ധ്യാപക സംഘടന തയ്യാറാക്കിയ മാതൃകാ ചോദ്യപേപ്പറിലെ ചോദ്യങ്ങളാണ് പ്ലസ് വൺ ജ്യോഗ്രഫി പരീക്ഷയിൽ ആവർത്തിച്ചതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) അധ്യാപക സംഘടനകളെ മാതൃകാ പരീക്ഷകളുടെ ചോദ്യപേപ്പറുകൾ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ചില സ്കൂളുകളിൽ ഉപയോഗിച്ച മാതൃകാ ചോദ്യക്കടലാസിൽ നിന്നുള്ള ചോദ്യങ്ങൾ പൊതുപരീക്ഷയിൽ ആവർത്തിച്ചിട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) ഇത്തരം സംഭവങ്ങൾ സർക്കാർ നടത്തുന്ന പരീക്ഷകളുടെ വിശ്വാസ്യത നഷ്ടപ്പെടുത്താതിരിക്കാനായി എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ഡി) പരീക്ഷയുടെ രഹസ്യ സ്വഭാവത്തെ ബാധിക്കാത്ത രീതിയിൽ മേൽനോട്ട/ സൂക്ഷ്മ പരിശോധന സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക, ചോദ്യ ബാങ്ക് രീതി നടപ്പിലാക്കുന്നതിന്റെ സാധ്യത എന്നിവ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

# 2017 മാർച്ച് 21ാം തീയതി നടന്ന ഒന്നാവർഷ ഹയർ സെക്കന്ററി പൊതുപരീക്ഷയുടെ ജ്യോഗ്രഫി ചോദ്യക്കലെടലാസ്സിൽ മാതൃകാ പരീക്ഷാ ചോദ്യങ്ങൾ ആവർത്തിച്ചു എന്നതിനെ സംബന്ധിച്ച് വിദ്യാഭ്യാസ മന്ത്രി നിർദ്ദേശിച്ചതിനുസരിച്ച് തയ്യാറാക്കിയ റിപ്പോർട്ട്

2017 മാർച്ച് 21-ന് നടന്ന ഒന്നാംവർഷ ഹയർ സെക്കന്ററി പൊതുപരീക്ഷയുടെ ജോഗ്രഫി ചോദ്യക്കടലാസ്സിൽ അതിനു മുന്നോടിയായി വിവിധ ജില്ലകളിൽ നടന്ന മാതൃകാ പരീക്ഷയുടെ ചോദ്യക്കടലാസിലെ ഏതാനും ചോദ്യങ്ങൾ ആവർത്തിച്ചു എന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ 2017 മാർച്ചിലെ പൊതുപരീക്ഷ ചോദ്യക്കടലാസും 2017 ഫെബ്രുവരിയിൽ നടന്ന മാതൃകാപരീക്ഷയുടെ ചോദ്യക്കടലാസും താരതമ്യം ചെയ്തു,

തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ജില്ലകളിൽ നടന്ന മാതൃകാ പരീക്ഷയിൽ ചില സ്കൂളുകളിൽ ഉപയോഗിച്ച ചോദ്യക്കടലാസ്സിലെ 15 മാർക്കിനുള്ള 5 ചോദ്യങ്ങൾ പൊതുപരീക്ഷയിലും അതേ പോലെ ആവർത്തിച്ചു വന്നിട്ടുണ്ട്.

വിശദമായ വിവരങ്ങൾ ലഭിക്കുന്നതിന്, മുൻകാല ചോദ്യക്കടലാസുകളും പരിശോധിച്ചപ്പോൾ ഒരേ ചോദ്യം ആവർത്തിച്ചുവരുന്നതായും സമാന-ചോദ്യങ്ങൾ ആവർത്തിച്ച് ചോദിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. മാത്രമല്ല, ഡി.എച്ച്.എസ്.ഇ പോർട്ടലിൽ മുൻകാല ചോദ്യക്കടലാസുകളും മാതൃകാ ചോദ്യക്കടലാസുകളും ലഭ്യമാണ്. ആയതുകൊണ്ടുതന്നെ മാതൃകാ ചോദ്യക്കടലാസുകൾ തയ്യാറാക്കുമ്പോൾ അദ്ധ്യാപകർ ഡി.എച്ച്.എസ്.ഇ പോർട്ടലിൽ നിന്നുള്ള പഴയകാല ചോദ്യപ്പേപ്പറുകളേയും ആശ്രയിച്ചിട്ടുണ്ടാവാം.

ഉദാഹരണമായി മാതൃകാ പരീക്ഷയിൽ 14-ാം നമ്പറായി ചോദിച്ചി-ട്ടുള്ളതും പൊതുപരീക്ഷയിൽ 15-ാം നമ്പറായി ചോദിച്ചിട്ടുള്ളതുമായ 6

മാർക്കിന്റെ ഒരു ചോദ്യം 2015 മാർച്ചിൽ നടന്ന പൊതുപരീക്ഷയിൽ 19-ാം നമ്പറായി ചോദിച്ചിട്ടുള്ളതാണ്.

അതുപോലെതന്നെ മാതൃകാപരീക്ഷയിൽ 3-ാം നമ്പറായും പൊതു-പരീക്ഷയിൽ 4-ാം നമ്പറായും ചോദിച്ച 3 മാർക്കിന്റെ ഒരു ചോദ്യം 2015 മാർച്ച്, 2016 മാർച്ച്, 2016 സെപ്റ്റംബർ എന്നീ പരീക്ഷകളിലും ആവർത്തിച്ചു ചോദിച്ചിട്ടുള്ളതാണ്.

സമാനമായി മാതൃകാപരീക്ഷയിലും പൊതുപരീക്ഷയിലും 24-ാം നമ്പറായി ചോദിച്ചിട്ടുള്ള 5 മാർക്കിന്റെ ഒരു ചോദ്യം വ്യത്യസ്തമായ രീതിയിൽ മുൻകാലങ്ങളിലൊക്കെത്തന്നെ 24-ാം നമ്പറായിത്തന്നെ ചോദിച്ചിട്ടുള്ളതാണ്.

മേൽപ്പറഞ്ഞരീതിയിൽ മുൻകാലങ്ങളിൽ നടന്ന പരീക്ഷകളിൽ ചോദിച്ച ചോദ്യങ്ങൾതന്നെ പലരൂപത്തിലും രീതിയിലും മാറിമാറി ചോദിച്ചിട്ടുണ്ട്. ഒരുപക്ഷേ മാതൃകാ പരീക്ഷയുടെ ചോദ്യക്കടലാസ് തയ്യാറാക്കിയ അദ്ധ്യാപകൻ 2015 മുതലുള്ള പൊതുപരീക്ഷകളുടെ ചോദ്യക്കടലാസുകൾ ഉപയോഗ-പ്പെടുത്തിയിരിക്കാം. ആയതുകൊണ്ടാണ് സമാനതകൾ സംഭവിച്ചിട്ടുള്ളത് എന്ന് അനുമാനിക്കാവുന്നതാണ്.

ഹയർ സെക്കന്ററി വകുപ്പിലെ പൊതു പോർട്ടലിൽ ലഭ്യമായ ആയിരക്കണക്കിന് ചോദ്യങ്ങളിൽ നിന്നും മാതൃകാ പരീക്ഷയ്ക്കും പൊതുപരീക്ഷയ്ക്കും ചോദ്യങ്ങൾ എടുക്കുന്നതിനാൽ ഇതിനുമുമ്പും ചോദ്യങ്ങൾ ആവർത്തിക്കുകയും സമാന ചോദ്യങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. അതിനാൽ ഈ ചോദ്യപേപ്പറിൽ ക്രമവിരുദ്ധമായോ അസ്വാഭാവികമായോ യാതൊന്നും നടന്നിട്ടില്ല.

സെക്ഷൻ ഓഫീസർ